നേരിടത്തക്കവിധത്തിൽ ഒരു സംവിധാനമുണ്ടാക്കാനോ ശബ്ദമുയർത്താനോ നമ്മുടെ ഗവൺമെന്റിനു കഴിയുന്നില്ല എന്നുള്ളതു് പരാധീനതയും കഴിവുകേടുമല്ലേ? അല്ലെങ്കിൽ എന്തുകൊണ്ടു് ഇതു് ഒന്നും അംഗീകരിക്കുന്നില്ല?

ശ്രീ. കെ. കരുണാകരൻ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യം അവതരിപ്പിക്കേണ്ട അതേ രൂപത്തിൽതന്നെ, ശക്തിയായി അവതരിപ്പിച്ചിട്ടുണ്ടു്. സർ, അതുകൊണ്ടു് 7-ാം പദ്ധതികാലത്തു് ഒരു പരിധിവരെയെങ്കിലും ഈ ന്യൂനതക്കു് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണു് ഗവൺമെന്റിനുള്ളതു്. അതിനു് ആവശ്യമായ എല്ലാ സമ്മർദ്ദങ്ങളും ചെലുത്താൻ ഗവൺമെന്റു് സന്നദ്ധമാണു്.

மாநிலத்தில் தடியடி
(Lathi chargss)

*114 (116) ஸ்ரீ. ஜி. வரதன்: கீழ் காணும் வினாக்களுக்கு முதன் மந்திரி தயை கூர்ந்து விடை நல்குவாரா:

(எ) கடந்த கல்வியாண்டில் மாணவர்கள் மீது தடியடிப் பிரயோகம் எத்தனை;

(பி) அதில் ஏதாவது நீதி விசாரணைக்கு விடப்பட்டுள்ளதா?

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ചോദ്യം തമിഴിലാണു്. ഞങ്ങൾക്കാർക്കും വായിക്കാനറിയില്ല. പിന്നെ ഞങ്ങൾ എങ്ങനെയാണു് ചോദിക്കുന്നതു്? അതുകൊണ്ടു് ഇങ്ങനെയുള്ള ചോദ്യങ്ങൾ വരുമ്പോൾ ദയവായി ചോദ്യം പരിഭാഷപ്പെടുത്തിത്തന്നാൽ കൊള്ളാം.

മി. സ്പീക്കർ: അതു് പരിശോധിക്കാം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചോദ്യം ഇതാണു്. എവിടെയെങ്കിലും വിദ്യാർത്ഥികൾക്കു് എതിരായിട്ടു് ലാത്തിച്ചാർജ് നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതുസംബന്ധിച്ചു് ഒരു ജുഡീഷ്യൽ എൻക്വയറി നടത്തിയിട്ടുണ്ടോ എന്നാണു്. തമിഴിൽ ചോദിച്ചാൽ ഒന്നുകിൽ തമിഴിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ മറുപടി പറയുക എന്നൊരു വ്യവസ്ഥ തുടർന്നു വരുന്നുണ്ടു്.

(എ) ഒന്നു്.
(ബി) ഇല്ല.

ஸ்ரீ. ஜி. வரதன்: சார், கடந்த கலவியாண்டில் தமிழ் பாடபுத்தகம் கிடைக்காததினால் போராட்டம் செய்த தமிழ் மாணவர்களை போலீஸ்காரர்கள் அடிக்கவும் அரஸ்ட் செய்யவும் செய்தார்கள். பராதி எழுதிக் கொடுத்தால் நடவடிக்கை எடுக்கப்படுமா?

ശ്രീ. ജി. വരദൻ: സർ, മറ്റു് മെമ്പർമാർക്കു് മനസിലാകാൻവേണ്ടി മലയാളത്തിൽ ചോദിക്കാം. തമിഴു് പാഠപുസ്തകങ്ങൾ കിട്ടാത്തതുകൊണ്ടു്, സംസ്ഥാനത്തു് എവിടെയെല്ലാം തമിഴു് സ്കൂളുകളുണ്ടോ അവിടെയെല്ലാം വിദ്യാർത്ഥികൾ സമരം ചെയ്തിട്ടുണ്ടു്. ആ സമരത്തിനു്, എതിരായി പോലീസു് ഗുരുതരമായി അടിച്ചുകൊടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് തെറ്റല്ലേ എന്നാണ് ചോദിക്കുന്നത്,

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങനെ മർദ്ദനം നടത്തിയതായി പരാതി കിട്ടിയിട്ടില്ല.

ശ്രീ. ജി. വരദൻ: സർ, പരാതി എഴുതിക്കൊടുത്താൽ മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കുമോ?

ശ്രീ. കെ. കരുണാകരൻ: തീർച്ചയായും അന്വേഷിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഒന്നാമത്തെ ചോദ്യത്തിന് ഉണ്ടെന്നുമാത്രമേ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളു. എവിടെയൊക്കെയാണ്.....

മി. സ്പീക്കർ: സാധാരണ ഭാഷാന്യൂനപക്ഷമെമ്പർമാർ.....

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞങ്ങൾ അതിന് എതിരല്ല. പരിഭാഷയും വേണം. ബെൽഗാമിനെപ്പോലെ ആകേണ്ട. തമിഴ് ഇവിടെ അനുവദിക്കണം.

മി. സ്പീക്കർ: സാധാരണ ഇവിടെ വർഷങ്ങളായി നടന്നുവരുന്ന നടപടിക്രമമാണ്. ഇതിൽ ഇപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, സാധാരണ ചോദ്യം വന്നാൽ ചോദ്യം മന്ത്രിയുടെ പേരിൽ അയക്കുമല്ലോ, ആ മന്ത്രി ഇംഗ്ലീഷിൽ അല്ലെങ്കിൽ മലയാളത്തിൽ ചോദ്യം ട്രാൻസ്ലേറ്റ് ചെയ്ത് ആദ്യം വായിക്കും. എന്നിട്ടാണ് മറുപടി പറയുക.

മി. സ്പീക്കർ; ചെയർ അത് പരിശോധിക്കാം. പക്ഷേ ഇവിടെ ചെയറിനു തോന്നുന്നത്, നമ്മുടെ നിലവിലുള്ള നടപടിക്രമംവിട്ട് മറ്റൊന്നും ഉണ്ടായിട്ടില്ല എന്നാണ്. ശ്രീ. ഷൺമുഖദാസ് പറഞ്ഞ പോയിന്റ് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ; സർ, തമിഴ് എനിക്ക് അറിഞ്ഞു കൂടെങ്കിലും ഇത് പൊതുപ്രാധാന്യമുള്ള ചോദ്യമാണ്. വിദ്യാർത്ഥികൾക്ക് എതിരായി നിരവധി ലാത്തിച്ചാർജുകൾ ഈ അടുത്ത ഒരു മാസത്തിനിടക്ക് സംസ്ഥാനത്തു നടന്നു. അതിൽ ഏതൊക്കെ ലാത്തിചാർജിൽ അന്വേഷണം നടത്തി? സ്പെസിഫിക്കായിട്ട് പറയുകയാണെങ്കിൽ ജൂൺ 12-ാം തീയതി അടൂർ, ഇരിങ്ങാലക്കുട, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലെ ഡി. ഇ. ഒ. ഓഫീസിന്റെ മുന്നിൽ പിക്കറ്റ് ചെയ്ത വിദ്യാർത്ഥികളുടെനേരെ ലാത്തിച്ചാർജ് നടത്തിയതിനെപ്പറ്റി വ്യാപകമായ ആക്ഷേപമുണ്ടായിട്ടുള്ളതാണ്. അതിനെപ്പറ്റി അന്വേഷണം നടത്തിയോ? ഇവിടെ തിരുവനന്തപുരത്ത് പല ദിവസങ്ങളിലായി ലാത്തിച്ചാർജ് നടന്നു. 5-ാം തീയതി ഇവിടെ പുളിമൂട് ജംഗ്ഷനിൽവെച്ച് ലാത്തിച്ചാർജ് നടന്നു. അതിനെപ്പറ്റി എന്ത് അന്വേഷണമാണ് ഏർപ്പാട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കണം.

ശ്രീ. കെ. കരുണാകരൻ: സർ, നിർഭാഗ്യവശാൽ ഒരു കാലത്ത് ബഹുമാനപ്പെട്ട മെമ്പറുടെ നേതാവായിരുന്ന സ്വഭാവ് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി. ആർ. കൃഷ്ണയ്യർ നൽകിയ ലാത്തിച്ചാർജിന്റെ വ്യാഖ്യാനമാണ് ഇന്നും തുടർന്നുവരുന്നത്. അതുകൊണ്ടാണ് ലാത്തിച്ചാർജ് ഉണ്ടായിട്ടുള്ളത്. എന്നാൽ പോലീസ് വിദ്യാർത്ഥികളെ വിരട്ടിയോടിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: മർദ്ദനത്തിന്റെ കാര്യമാണ് ചോദിച്ചത്. വിരട്ടിയോടിച്ചതിനെപ്പറ്റിയല്ല. മർദ്ദിച്ച് തലതല്ലിപ്പൊളിച്ച് ആശുപത്രിയിൽ അഡ്മിറ്റുചെയ്ത കേസുകളാണ്. അതിന്റെ കാര്യമാണ് ചോദിച്ചത്. ലാത്തിച്ചാർജ് എന്നുള്ളത് സാങ്കേതികമല്ലെങ്കിൽ, ഈ തലതല്ലിപ്പൊളിച്ച് ആശുപത്രിയിൽ ആക്കിയതിന്റെ പേരിൽ എന്ത് നടപടിയെടുത്തു?

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങനെയുള്ള സംഭവങ്ങൾ വിശദമായി ചോദിച്ചാൽ വിവരം ശേഖരിച്ചുതരാം.

ശ്രീ. എ. കെ. പത്മനാഭൻ: സർ, കഴിഞ്ഞ വർഷം കോഴിക്കോട് ജെ.ജി.റ്റി. ഇസ്ലാമിലെ അബ്ദുൾ അസീസ് എന്ന ഒരു വിദ്യാർത്ഥിയെ പോലീസ് തല്ലിച്ചതച്ചതിനെക്കുറിച്ച് കോഴിക്കോട് ജില്ലാ കളക്ടറോട് അന്വേഷണത്തിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ലെന്നും കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ മറുപടി പറഞ്ഞതാണ്. ആ റിപ്പോർട്ട് കിട്ടിയോ? അതിന്മേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തോ?

ശ്രീ. കെ. കരുണാകരൻ: സർ, അത് പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീമതി കെ. ആർ. ഗൗരി: സർ ഈ ലാത്തിച്ചാർജിനെപ്പറ്റി 1957-ൽ നിലനിന്നിരുന്ന ടെക്നിക്കാലിറ്റി അതാണ് ഇന്നും നിലനിൽക്കുന്നത് എന്നും അതുകൊണ്ടാണ് അന്വേഷിക്കാത്തതെന്നും പറഞ്ഞു. ഈ ടെക്നിക്കാലിറ്റിയെല്ലാം അവഗണിച്ചുകൊണ്ട് ഇപ്പോൾ നടന്ന വിധത്തിലുള്ള പല ലാത്തിച്ചാർജുകളും പിന്നീട് അന്വേഷണത്തിന് വിധേയമായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ പരാതികൾ കിട്ടിയിരിക്കുന്ന ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കുന്നതിന് ഗവൺമെന്റിന് വിരോധമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, പോലീസ് മർദ്ദിച്ചതായി പരാതി കിട്ടിയ അവസരത്തിൽതന്നെ പ്രാഥമിക അന്വേഷണം നടത്തേണ്ടതാണെന്ന ബോദ്ധ്യംവന്ന അവസരത്തിൽതന്നെ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് ഇനിയും പുറപ്പെടുവിക്കും.

ആറാം പദ്ധതിക്ക് ചെലവഴിച്ച തുക

* 115 [117] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, കെ. പി. അരവിന്ദാക്ഷൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആറാം പദ്ധതിക്ക് ആക്ടുണ്ടൻറ് ജനറൽ സർട്ടിഫൈ ചെയ്തതനുസരിച്ച് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തിന്റെ ആറാം പദ്ധതിയുടെ സാമ്പത്തിക ലക്ഷ്യത്തിലും ഭൗതിക ലക്ഷ്യത്തിലും (Financial and Physical Target) എത്ര ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) സംസ്ഥാനത്തിന്റെ ആറാം പദ്ധതിക്ക് (1980-85)

LIBRARY ARCHIVES Kerala Legislative Assembly